പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4775 — 05.02.2014 ലെ മറുപടിയ്ക്ക്

## രാസവളങ്ങളുടെ വിലനിയന്ത്രണാധികാരം

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2010 ഏപ്രിൽ 1 മുതൽ രാസവളങ്ങളുടെ വില നിയന്ത്രണാധികാരം നിർമ്മാണ കമ്പനികൾക്ക് വിട്ടുനൽകിയത് സംസ്ഥാനത്തെ കൃഷിക്കാരെ ഏതെല്ലാം നിലയിൽ ബാധിക്കുകയുണ്ടായി എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) രാസവളങ്ങളുടെ വില നിയന്ത്രണാധികാരം 2010 ഏപ്രിൽ 1 മുതൽ നിർമ്മാണ കമ്പനികൾക്ക് വിട്ട് നല്കിയത് മൂലം യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഇത് കൃഷിച്ചെലവ് വർദ്ധിപ്പിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. |
| (ബി) കാർഷിക ഉൽപന്നങ്ങളുടെ വിലക്കുറവും സംഭരണമില്ലായ്മയും മൂലം പ്രതിസന്ധിയിലായിരുന്ന കർഷകർക്ക് രാസവളങ്ങളുടെ അടിക്കടിയുള്ള വില വർദ്ധന കൂടിയായപ്പോൾ നിലനിൽപ്പ് തന്നെ ഇല്ലാതായെന്ന് അറിയാമോ; | (ബി) കർഷകരിൽ നിന്ന് നാളികേരം, നെല്ല് മുതലായ ഉല്പന്നങ്ങൾ ന്യായവില നല്കി സർക്കാർ സംവിധാനത്തിലൂടെ സംഭരിക്കുന്നുണ്ട്. കൂടാതെ പച്ചക്കറി പോലുള്ള ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വില്ക്കുന്നതിനും വി എഫ് പി സി കെ, ഹോർട്ടി കോർപ്പ്, കാർഷിക മൊത്ത വ്യാപാര വിപണി തുടങ്ങിയ സംവിധാനങ്ങൾ നിലവിലുണ്ട്. |
| (സി) ഈ സാഹചര്യത്തിൽ കർഷകർക്ക് സമാശ്വാസം ഉറപ്പാക്കാൻ പുതിയ എന്തെങ്കിലും പരിപാടി സർക്കാരിനുണ്ടോ? | (സി) കർഷകർക്ക് സമാശ്വാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 8.11.2011 മുതൽ രാസവളത്തിനുള്ള വാറ്റ് നികുതി ഒഴിവാക്കി സർക്കാർ ഉത്തരവായി. വിവിധ സർക്കാർ പദ്ധതികളിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികൾ മുഖേനയും രാസവളങ്ങൾക്ക് 50% വരെ സബ്സിഡി അനുവദിച്ച് വരുന്നുണ്ട്.<br>2013 ജനുവരി ഒന്ന് മുതൽ കൃഷി ഭവൻ വഴി നാളികേര സംഭരണം ആരംഭിച്ചു. കൂടാതെ വി എഫ് പി സി കെ, ഹോർട്ടി കോർപ്പ് എന്നീ സ്ഥാപനങ്ങൾ മുഖേന കാർഷിക ഉല്പന്നങ്ങൾ മാർക്കറ്റ് വില നല്കി കർഷകരിൽ നിന്നും നേരിട്ട് സംഭരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ